# കേരള സർവകലാശാല

നം.പി.ആർ.168/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2018

### എസ്.സി/എസി.ടി. സ്പോട്ട് അലോട്ട്മെന്റ് ഇന്ന്(26.07.2018–ന്)

2018–19–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് തിരുവനന്തപുരം, ആലപ്പുഴ എന്നീ മേഖലയിലെ കോളേജുകൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 26–ന്(ഇന്ന്) നടക്കും. തിരുവനന്തപുരം മേഖലയിലെ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിലും, ആലപ്പുഴ മേഖലയിലെ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും ജൂലൈ 26–ന് ഹാജരാകേണ്ടതാണ്. മേഖല തിരിച്ചിട്ടുള്ള കോളേജുകളുടെ ലിസ്റ്റ് അഡ്മിഷൻ സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിശ്ചിത സമയത്തിനകം റിപ്പോർട്ടു ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) ലഭിക്കും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ.

### തീയതി നീട്ടി

മേയ് 2018 ൽ സി.എസ്.എസ് പി.ജി പഠനവകുപ്പുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദതല പരീക്ഷയുടെ മാർക്കുകൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് രേഖപ്പെടുത്താനുള്ള തീയതി ആഗസ്റ്റ് 6 വരെ നീട്ടിയിരിക്കുന്നു.

### ബി.ടെക് സൂക്ഷ്മപരിശോധന

2017 നവംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (റെഗുലർ/പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് – 2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ-വാല്യുവേഷൻ സെക്ഷനിൽ ജൂലൈ 26 മുതൽ ആഗസ്റ്റ് 2 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മൾട്ടി മേജർ) (2016 അഡ്മിഷൻ റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014&2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

2018 മെയ് മാസം നടത്തിയ ബി.എ ആന്വൽ സ്കീം ഫൈനൽ ഇയർ പാർട്ട് III മെയിൻ, സബ്സിഡിയറി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേ അവസാന തീയതി ആഗസ്റ്റ് 31. ഓൺലൈനായി പരീക്ഷക്ക് രജിസ്റ്റർ ചെയ്യ്ത വിദ്യാർത്ഥികൾ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി അപേക്ഷിക്കേതാണ്. പരീക്ഷാഫലവും കരട് മാർക്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ജിയോളജി വിഭാഗത്തിലേയ്ക്ക് ജിയോളജിയിലും കെമിസ്ട്രിയിലും കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നു. ആപ്ലിക്കേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 4 വൈകിട്ട് 5 മണി വരെ. വിശദവിവരങ്ങൾ സർവകലാശാലയുടെ ജോബ് നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭ്യമാണ്.

## ചന്ദ്രഗ്രഹണം

ഈ നൂറ്റാണ്ടിലെ ഏറ്റവും ദൈർഘ്യമേറിയ ചന്ദ്രഗ്രഹണം ജൂലൈ 27 11:44 P.M മുതൽ ജൂലൈ 28 4:58 A.M വരെ തിരുവനന്തപുരത്ത് ദൃശ്യമായിരിക്കും. ഇത് കാണുവാനുള്ള സൗകര്യം സർവ്വകലാശാല ഒബ്സർവേറ്ററിയിൽ ഒരുക്കിയിട്ടുണ്ട്. സ്ഥലപരിമിതി മൂലം ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കായിരിക്കും പ്രവേശനം നൽകുക. താല്പര്യമുള്ളവർ ഒബ്സർവേറ്ററി ഓഫീസിൽ ജൂലൈ 27 വൈകുന്നേരം 4 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ടിക്കറ്റ് നിരക്ക് 25 രൂപ. ഫോൺ.2303732

തിരുവനന്തപുരം.
25.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**(from mobile) 0471-2115054 and 0471-2115098**